# പതിനാലാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 627 05.06.2018- ൽ മറുപടിക്ക്

### ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

**ചോദ്യം** **ഉത്തരം**

**ശ്രീ.എം. സ്വരാജ് :** **ശ്രീ. എ.സി.മൊയ്തീൻ**
**(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു<br>**1. നാനോ / ഗാർഹിക സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി :**<br>5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപം ഉള്ളതും 5 എച്ച് പി വരെ വൈദ്യുതി ആവശ്യമുള്ളതും, മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട ഉല്പാദക, ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്നതോ ആയതും കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി തുടങ്ങുന്നതിന് സാധ്യതയുള്ള നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും ടേം വായ്പ എടുത്ത സംരംഭകർക്ക് വാർഷിക പലിശയുടെ 6 % മുതൽ 8 % വരെ സബ്സിഡി ആയി നൽകുന്നു വനിതകൾ / പട്ടികജാതി / വർഗ വിഭാഗങ്ങൾക്ക് ഇത് 8% വരെ ലഭിക്കുന്നു. മൂന്ന് വർഷം വരെ ഇതേ രീതിയിൽ പലിശയിളവ് ലഭിക്കുന്നതാണ്.<br>**2. സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പ്രോഗ്രാം**<br>ഹൗസ് ഹോൾഡ് നാനോ യൂണിറ്റുകൾ, പി.എം.ഇ.ജി.പി യൂണിറ്റുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകികൊണ്ട് അതിസൂക്ഷ്മ മേഖലയിലെ വ്യവസായ സംരംഭകർക്ക് പൊതു സൗകര്യകേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള സംസ്ഥാന ആവിഷ്കൃത പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നു. |
| (ബി) | കൂടുതൽ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ? | (ബി) | മേൽ പദ്ധതികളുടെ നടത്തിപ്പിനാണ് സർക്കാർ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ